"ഭരണഭാഷ - മാതൃഭാഷ"

DGE/12152/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 15-02-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -എട്ട്, ഒൻപത് ക്ലാസുകളിലെ 2024-25 അധ്യയന വർഷത്തെ വർഷാന്ത്യ ഐ.ടി പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ(സാധാ) നം.3936/2013/പൊ.വി.വ തീയതി 25.09.2013

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.02.2024-ലെ DGE/11030/2023-QIP1 നമ്പർ സർക്കുലർ.

3. കൈറ്റ് സി.ഇ.ഒയുടെ 12.02.2025 ലെ കൈററ്/2024/1264(21) നമ്പർ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. എട്ട്, ഒൻപത് ക്ലാസുകളിലെ 2024-2025 അധ്യയന വർഷത്തെ വർഷാന്ത്യ ഐ.ടി പരീക്ഷക്ക് എസ്.സി.ഇ.ആർ.ടി-യുടെ നിർദേശത്തോടെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറാണ് ഈ വർഷവും ഉപയോഗിക്കുന്നത്. 8, 9 ക്ലാസുകളിൽ ഈ വർഷം നടത്തേണ്ട വർഷാന്ത്യ ഐ.ടി. പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- വർഷാന്ത്യ ഐടി പരീക്ഷ 2025 ഫെബ്രുവരി 17-ന് ആരംഭിച്ച് 2025 മാർച്ച് 27-ന് മുമ്പ് പൂർത്തിയാക്കേണ്ടതും 8, 9 ക്ലാസുകളിലെ എല്ലാ കുട്ടികളും പരീക്ഷയിൽ പങ്കെടുത്തുവെന്ന് ഹെഡ്മാസ്റ്റർ ഉറപ്പാക്കേണ്ടതുമാണ്.
- ഓരോ ക്ലാസിലും ഐ.ടി പഠിപ്പിക്കുന്ന അധ്യാപകർ SITC/JSITC എന്നിവരുടെ സഹായത്താൽ പ്രഥമാധ്യാപിക/പ്രഥമാധ്യാപകന്റെ നിർദേശാനുസരണം ഐ.ടി പരീക്ഷ യഥാസമയം നടത്തിത്തീർക്കേണ്ടതും റിപ്പോർട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും കൈറ്റിന്റെ ജില്ലാ ഓഫീസിലും ലഭ്യമാക്കേണ്ടതുമാണ്.
- ഐ.ടി പരീക്ഷ ഗ്നൂ/ലിനക്സ് 18.04 ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടത്തേണ്ടത്.
- പരീക്ഷാ സമയം ഒരു മണിക്കൂർ ആയിരിക്കും.
- തിയറി, പ്രാക്ടിക്കൽ ഭാഗങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ കമ്പ്യൂട്ടറിൽ തന്നെയാണ് നടത്തേണ്ടത്.
- ഐ ടി പരീക്ഷയുടെ നടത്തിപ്പിന് ജില്ലാ വിദ്യാഭ്യാസ ഓഫീസ് മുഖേന പരീക്ഷാ സാമഗ്രികൾ പ്രത്യേകമായി സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതല്ല.
- പരീക്ഷാ സോഫ്റ്റ്‌വെയർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ sampoorna.kite.kerala.gov.in-ൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരീക്ഷ നടത്തേണ്ടതാണ്.
- സമ്പൂർണയിലെ ഹെഡ്മാസ്റ്റർ ലോഗിനിൽ Annual IT Exam 2024-25 എന്ന ഐക്കൺ/ലിങ്കിൽ നിന്നും പരീക്ഷാ സോഫ്റ്റ്‌വെയർ, പാസ്‌വേഡ്, പരീക്ഷാ സർക്കുലർ തുടങ്ങിയവ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

